# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.268 — 04.06.2018 ൽ മറുപടിക്ക്

### പ്ലാസ്റ്റിക് വിമുക്ത/മാലിന്യവിമുക്ത ക്യാമ്പസ്സുകൾ

| | ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പ്ലാസ്റ്റിക് വിമുക്ത/മാലിന്യവിമുക്ത ക്യാമ്പസ്സുകൾ സൃഷ്ടിക്കുന്നതിന് വിദ്യാഭ്യാസ-തദ്ദേശസ്വയംഭരണ വകുപ്പുകളുമായി ചേർന്ന് ആരോഗ്യ വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | തദ്ദേശസ്വയംഭരണ വകുപ്പ് ശുചിത്വ മിഷനുമായി ചേർന്ന് നടപ്പിലാക്കുന്ന ഗ്രീൻ കേരള മിഷൻ പ്രവർത്തനങ്ങൾ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സ്കൂളുകളിൽ നടപ്പിലാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച് സ്കൂളുകളിൽ ബോധവത്ക്കരണം നടത്തുന്നുണ്ട്. ഇത് പ്ലാസ്റ്റിക് വിമുക്ത/മാലിന്യവിമുക്ത ക്യാമ്പസ്സുകൾ സൃഷ്ടിക്കുന്നതിന് സഹായകമാകുന്നതാണ്. |
| (ബി) | വിദ്യാലയങ്ങൾ ആരോഗ്യ സൗഹൃദമാക്കാൻ മികച്ച പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | വിദ്യാലയങ്ങൾ ആരോഗ്യ സൗഹൃദമാക്കാൻ താഴെ പറയുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>1. ഗ്രീൻ കേരള മിഷൻ പ്രവർത്തനങ്ങൾ<br>2. ആരോഗ്യ വകുപ്പ് വഴി ആരോഗ്യ ബോധവത്ക്കരണ പരിപാടികൾ<br>3. ഹെൽത്തി കേരള സ്കൂൾ /ഹോസ്റ്റൽ പരിശോധന<br>4. സ്കൂളുകളിൽ ആരോഗ്യവകുപ്പ് നടപ്പിലാക്കുന്ന മെഡിക്കൽ പരിശോധന |
| (സി) | മികച്ച ആരോഗ്യ പരിപാലനം നടത്തുന്ന വിദ്യാലയങ്ങൾക്ക് ആരോഗ്യവകുപ്പ് പുരസ്കാരം നൽകി ആദരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ഇതു സംബന്ധിച്ച ശുപാർശകളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല. ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | വിദ്യാലയങ്ങളിൽ ആരോഗ്യ ബോധവത്ക്കരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | 1. എൻ.സി.സി, എൻ.എസ്.എസ്, സ്കൗട്ടസ്,ഗൈഡ്സ് സ്കൂൾ ഹെൽത്ത് ക്ലബ്ബ് തുടങ്ങിയവയിലെ വിദ്യർത്ഥികൾ വഴി മറ്റു വിദ്യർത്ഥികൾക്ക് ആരോഗ്യ സംരക്ഷണത്തെ കുറിച്ച് അവബോധം സൃഷ്ടിക്കുക<br>2. സ്റ്റുഡന്റ് പോലീസ്, സ്റ്റുഡന്റ് ഡോക്ടർ എന്നിവരെ ഓരോ സ്കൂളിൽ നിന്നും തെരഞ്ഞെടുത്ത് ആരോഗ്യ പരിപാലനം, ഹരിത കേരളം പരിപാടി തുടങ്ങിയവയുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിന് സജ്ജമാക്കുക<br>3. സ്കൂൾ അസംബ്ലികളിലും ആരോഗ്യ സംബന്ധമായ ദിന/ വാര/ മാസാചരണങ്ങളിലും വിദ്യർത്ഥികൾക്കായി ബോധവത്ക്കരണ/ ശീലവത്കരണ പരിപാടികൾ നടത്തുക<br>4. വിദ്യർത്ഥികളെ കൊണ്ട് ആരോഗ്യ സംബന്ധമായ പ്രോജക്ടുകൾ ചെയ്യിപ്പിക്കുക |

സെക്ഷൻ ഓഫീസർ